ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്) : സർ, ആനാട്, പനവൂർ പഞ്ചായത്തുകൾ വളരെ നേരത്തെ തന്നെ പുതിയ സെക്ഷൻ ഓഫീസ് അനുവദിക്കണം എന്ന് ആവശ്യപ്പെട്ടിരുന്നു. പക്ഷെ ബോർഡിന്റെ സാമ്പത്തിക പ്രയാസങ്ങൾ പരിഗണിച്ച് തൽക്കാലം മാറ്റി വയ്ക്കുകയാണുണ്ടായത്. ഇന്നും സാമ്പത്തിക പ്രയാസങ്ങളെല്ലാം ബോർഡിൽ ഉണ്ടെങ്കിലും കേരളത്തിൽ ചില സെക്ഷനുകളിൽ കൺസ്യൂമേഴ്സിന്റെ എണ്ണം വളരെ കൂടുതലാണ്. കൺസ്യൂമേഴ്സിന്റെ എണ്ണവും സ്ഥലത്തിന്റെ വിസ്തീർണ്ണവും പരിഗണിച്ചു കൊണ്ട് ഒരു പുതിയ മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിൽ വളരെ അത്യാവശ്യം വേണ്ടുന്ന ചില സ്ഥലങ്ങളിൽ സെക്ഷൻ ഓഫീസ് അനുവദിക്കുന്ന കാര്യം പരിഗണനയിലാണ്. ഇരുപതിനായിരത്തിൽ കൂടുതൽ കൺസ്യൂമേഴ്സ് ഉള്ളിടത്തെല്ലാം സെക്ഷൻ ഓഫീസ് നൽകണം എന്നുള്ള ആവശ്യം വന്നിട്ടുണ്ട്. അതും സ്ഥലത്തിന്റെ വിസ്തീർണ്ണവും പരിഗണിച്ച് ഒരു നോംസിന്റെ അടിസ്ഥാനത്തിൽ കേരളത്തിൽ ചില സെക്ഷൻ ഓഫീസുകൾ തുടങ്ങുന്ന കാര്യം പരിഗണനയിലാണ്. ഈ സന്ദർഭത്തിൽ ചുള്ളിമാനൂരിൽ തുടങ്ങുന്ന കാര്യവും പരിഗണനയിലാണ്.

(4) മട്ടന്നൂർ, ഇരിട്ടി, പേരാവൂർ സർക്കാർ ആശുപത്രികളുടെ ശോച്യാവസ്ഥ

പ്രൊഫ. എ. ഡി. മുസ്തഫ: സർ, എന്റെ നിയോജക മണ്ഡലത്തിലെ മട്ടന്നൂർ, ഇരിട്ടി, പേരാവൂർഎന്നീ സർക്കാർ ആശുപത്രികളിലൊക്കെ വളരെ ശോചനീയമായ അവസ്ഥയാണുള്ളത്. മട്ടന്നൂർ ആശുപത്രിയിലെ പുതിയ കെട്ടിടം ബഹുമാനപ്പെട്ട അന്നത്തെ ആരോഗ്യ വകുപ്പുമന്ത്രി ശ്രീ. പി. ശങ്കരൻ ഉദ്ഘാടനം ചെയ്തിട്ട് ഒന്നര വർഷം കഴിഞ്ഞു. ഉദ്ഘാടനസമയത്ത് അത് തുറന്നതല്ലാതെ ഇന്നും അത് പൂട്ടിക്കിടക്കുകയാണ്. 45 ബെഡ് സൗകര്യമുള്ള ആശുപത്രിയിൽ ആവശ്യമായ സ്റ്റാഫിനെ നിയോഗിക്കാത്തതുകൊണ്ട്, തുറന്ന്, മണിക്കൂറുകൾക്ക് ശേഷം പൂട്ടി, ഇന്നും അത് പ്രവർത്തനരഹിതമായി കിടക്കുകയാണ്. ഇരിട്ടി ആശുപത്രിയെ സംബന്ധിച്ചിടത്തോളം കഴിഞ്ഞ സർക്കാരിന്റെ കാലത്ത് പി.എച്ച്.സി.യെ സി.എച്ച്.സി. ആയി അപ്ഗ്രേഡ് ചെയ്തെങ്കിലും ആവശ്യമായ സ്റ്റാഫിനെ ലഭിക്കാത്തതുകൊണ്ട് അതിന്റെ പ്രയോജനവും ലഭിക്കുന്നില്ല. പേരാവൂർ ആശുപത്രിയിലാണെങ്കിൽ അവിടെ ഒരു മോർച്ചറിക്കുവേണ്ടി ആവശ്യപ്പെട്ടിട്ട് വർഷങ്ങൾ കുറേയായി. ഒരു മരണം സംഭവിച്ചു കഴിഞ്ഞാൽ ഏറ്റവും ചുരുങ്ങിയത് 60 കി.മീറ്റർ ദൂരെയുള്ള തലശ്ശേരിയിലോ, കണ്ണൂരിലോ കൊണ്ടുപോയി പോസ്റ്റുമോർട്ടം ചെയ്യേണ്ട അവസ്ഥയാണുള്ളത്. വളരെ ഗുരുതരമായ ഈ അവസ്ഥയിലേക്ക് ഞാൻ സഭയുടെ ശ്രദ്ധ ക്ഷണിക്കുകയാണ്. ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് ആരോഗ്യ വകുപ്പുമന്ത്രിയോട് ആവശ്യപ്പെടുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

ആരോഗ്യ വകുപ്പുമന്ത്രി (ശ്രീ. കെ.കെ. രാമചന്ദ്രൻ മാസ്റ്റർ) : സർ, മട്ടന്നൂർ ആശുപത്രിയിൽ ഇപ്പോൾ 45 കിടക്കകൾ അനുവദിച്ചിട്ടുണ്ട്. 45 കിടക്കകൾ കൂടി ഇടാനുള്ള കെട്ടിടവും തയ്യാറായിട്ടുണ്ട്. ഡോക്ടർമാരുടെ ഒഴിവുകൾ ഇപ്പോൾ നിലവിലില്ല. ഹോസ്പിറ്റൽ അറ്റന്റർ ഗ്രേഡ്-2, കുക്ക് എന്നീ വിഭാഗങ്ങളിൽ ഓരോ ഒഴിവുണ്ട്. 20 രോഗികളെ കിടത്തി ചികിത്സിക്കുന്നുണ്ട്. ആമ്പുലൻസ് സൗകര്യവും ഔട്ട് പേഷ്യന്റ് സർവ്വീസും നിലവിലുണ്ട്. പുതിയ കെട്ടിടം പ്രവർത്തനക്ഷമമാക്കാൻ ആവശ്യമായ സ്റ്റാഫിനെ നിയമിക്കാനുള്ള നിർദ്ദേശം സർക്കാരിന് ലഭിച്ചിട്ടുണ്ട്. ഇരിട്ടി സാമൂഹ്യ ആരോഗ്യ കേന്ദ്രത്തിൽ നിലവിലുള്ള സിവിൽ സർജന്റേയും പാർട്ട്ടൈം സ്വീപ്പറുടേയും ഒഴിവ് നികത്തുവാൻ നടപടി സ്വീകരിക്കും. ശരാശരി 15 രോഗികളെ കിടത്തി ചികിത്സിക്കുന്നുണ്ട്. ആമ്പുലൻസ്, ലാബോറട്ടറി സൗകര്യങ്ങൾ ലഭ്യമാണ്. മട്ടന്നൂരിലും ഇരിട്ടിയിലും പുതിയ തസ്തിക സൃഷ്ടിക്കുന്ന കാര്യം ഇപ്പോൾ ഗവൺമെന്റിന്റെ പരിഗണനയിലാണ്. പക്ഷേ ധനകാര്യ വകുപ്പിന്റെ അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് മാത്രമേ ഇത് നടപ്പാക്കാൻ കഴിയുകയുള്ളൂ. പേരാവൂർ സാമൂഹ്യ ആരോഗ്യ കേന്ദ്രത്തിൽ 52 കിടക്കകൾ അനുവദിച്ചിട്ടുണ്ട്. നഴ്സിംഗ് സൂപ്രണ്ട്, ഹോസ്പിറ്റൽ അറ്റന്റർ ഗ്രേഡ്-2, പാർട്ട്ടൈം സ്വീപ്പർ എന്നീ തസ്തികകളിൽ ഓരോ ഒഴിവുള്ളത് നികത്തുവാൻ നടപടി സ്വീകരിച്ചുവരുകയാണ്. ശരാശരി 65 രോഗികളെ കിടത്തി ചികിത്സിക്കുന്നുണ്ട്. ലാബോറട്ടറി, ആംബുലൻസ് സൗകര്യങ്ങൾ ഇവിടെ ലഭ്യമാണ്. ഓപ്പറേഷൻ തിയേറ്ററിന്റെ അറ്റകുറ്റ പണികൾക്കായി നാലുലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. അതിന്റെ പണി തുടങ്ങുവാനുള്ള നടപടി കൈക്കൊണ്ടു വരുന്നു.

(5) യു. എ. ഇ. -ലേയ്ക്കുള്ള ടിക്കറ്റ് ചാർജ് കുറയ്ക്കണമെന്നും സ്വകാര്യ വിമാനകമ്പനികൾക്ക് യു.എ.ഇ. സെക്ടർ തുറന്നു കൊടുക്കണമെന്നുമുള്ള ആവശ്യങ്ങൾ

ശ്രീ. ജോസഫ് എം. പുതുശ്ശേരി : സർ യു.എ.ഇ.യിലേയ്ക്കുള്ള വിമാന ടിക്കറ്റ്ചാർജ് കുറയ്ക്കണമെന്ന ആവശ്യത്തിന് വളരെ കാലത്തെ പഴക്കമുണ്ട്. എന്നാൽ അതിന് യാതൊരു പരിഹാര നടപടിയും ഇതുവരെ ഉണ്ടായിട്ടില്ല. എയർ ഇൻഡ്യയുടേയും ഇൻഡ്യൻ എയർലൈൻസിന്റേയും കുത്തകയാണ് ഗൾഫ് റൂട്ട്. ആ കുത്തകാവകാശത്തിന്റെ ബലത്തിൽ ഇവർ യാത്രക്കാരെ പിഴിയുകയാണ്. ഇപ്പോൾ തുറന്ന ആകാശം എന്ന ഓപ്പൺ സ്പെയ്സ് പോളിസി പ്രഖ്യാപിച്ചപ്പോഴും ഗൾഫ് സെക്ടർ ഒഴിവാക്കപ്പെട്ടിരിക്കുകയാണ്. ഇത് കടുത്ത വിവേചനമാണ്. പ്രതിവർഷം 9 ലക്ഷം മലയാളികൾ ഗൾഫ് രാജ്യങ്ങളിലേയ്ക്ക് യാത്ര ചെയ്യുന്നുണ്ട്. അവരോടുള്ള വെല്ലുവിളിയാണിത്. നിക്ഷിപ്ത താൽപ്പര്യങ്ങളും വലിയ ലോബിയുമാണ് ഈ തീരുമാനത്തിന് പിന്നിൽ എന്നുള്ളതിന് യാതൊരു സംശയവുമില്ല. അതുകൊണ്ട് മറ്റ് രാജ്യങ്ങളിലേയ്ക്ക് പറക്കാൻ വിമാന കമ്പനികൾക്ക് അനുമതി നൽകുന്നതുപോലെ സ്വകാര്യ

LIBRARY ARCHIVES Kerala Legislative Assembly